RCS/4415/2022-EB(4)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 11.07.2022

## സർക്കുലർ നമ്പർ. 31/2022

വിഷയം :- സഹകരണ വകുപ്പ് - ഫയലുകളുടെ തീർപ്പാക്കൽ -പുതുക്കിയ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- (1) സർക്കാരിന്റെ 04.06.2022-ലെ സ.ഉ.(കൈ) നം. 11/2022/P&ARD നമ്പർ ഉത്തരവ്.

(2) സഹകരണ സംഘം രജിസ്ട്രാറുടെ 15.06.2022 ലെ 26/2022 നമ്പർ സർക്കുലർ.

മേൽ സൂചന (1 ) നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഫയൽ അദാലത്ത് സംബന്ധിച്ച് സൂചന (2) പ്രകാരം സഹകരണ വകുപ്പിലെ ഫയൽ തീർപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സർക്കുലർ നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കുന്നതിനും , തുടർ നടപടികൾ സ്വീകരിക്കുന്നതിനും കൂടുതൽ ശ്രദ്ധ നൽകുന്നതിന് നിർദ്ദേശിക്കുന്നു.

ജില്ലകൾക്ക് അയച്ച് നൽകിയിട്ടുള്ള ഗൂഗിൾ സ്പ്രെഡ്ഷീറ്റ് പ്രകാരം ഫയൽ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ 12.07.2022 5 pm ന മുൻപായി ലഭ്യമാക്കേണ്ടതാണ്.

എല്ലാ രണ്ടാഴ്ചയിലൊരിക്കൽ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

സൂചന (2 ) സർക്കുലറിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന അനുബന്ധം (1) ആക്ഷൻ പ്ലാനും, കലണ്ടർ ഓഫ് ആക്ഷനിലും മാറ്റം വരുത്തി ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു .പ്രസ്തുത ആക്ഷൻ പ്ലാനും, കലണ്ടർ ഓഫ് ആക്ഷനും എല്ലാ ജില്ലകളും കൃത്യമായി പാലിക്കുന്നതിന് നിർദ്ദേശിക്കുന്നു.

ഒപ്പ്
അലക്സ് വർഗ്ഗീസ്. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം,
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
5. വകുപ്പിന് കീഴിലുള്ള മറ്റ് ഓഫീസുകൾക്ക്
6. എഡിറ്റർ, സഹകരണ വീഥി
7. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.ബി)

## <u>അനുബന്ധം 1</u>

ഫയൽ അദാലത്ത് സംബന്ധിച്ച സംസ്ഥാനതല ആക്ഷൻ പ്ലാനും, കലണ്ടർ ഓഫ് ആക്ഷനും ചുവടെ ചേർക്കുന്നു.

| ക്രമ നം. | നടപടി | നടപടി സ്വീകരിക്കേണ്ട കാലയളവ് |
|---|---|---|
| 1 | ഫയൽ വിവരങ്ങൾ ശേഖരിക്കുകയും താലൂക്ക് ഓഫീസുകളിൽ നിന്നും ജില്ലാ ഓഫീസുകളിലേക്കും, ജില്ലാ ഓഫീസുകളിൽ നിന്നും ആഡിറ്റ് ഡയറക്ടർ/സഹകരണ സംഘം രജിസ്ട്രാർ ആഫീസിലേക്കും തിരിച്ചും ലഭ്യമാക്കൽ | 20.06.2022 മുതൽ 12.07.2022 വരെ |
| 2 | താലൂക്ക് തല ഫയൽ അദാലത്തുകൾ | 27.06.2022 മുതൽ 05.08.2022 വരെ |
| 3 | താലൂക്ക് തല ഫയൽ തീർപ്പാക്കൽ | 27.06.2022 മുതൽ 10.08.2022 വരെ |
| 4 | ജില്ലാതല ഫയൽ അദാലത്തുകൾ | 04.07.2022 മുതൽ 15.08.2022 വരെ |
| 5 | ജില്ലാതല ഫയൽ തീർപ്പാക്കൽ | 04.07.2022 മുതൽ 20.08.2022 വരെ |
| 6 | ജില്ലാ ഓഫീസുകളും, സഹകരണ സംഘം രജിസ്ട്രാർ ഓഫീസ് ബന്ധപ്പെട്ട ഫയലുകൾ തീർപ്പാക്കാൻ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ഫയൽ തീർപ്പാക്കൽ യജ്ഞം | |

| | | |
|---|---|---|
| | 1. തിരുവനന്തപുരം | 22.07.2022 |
| | 2. കൊല്ലം | 23.07.2022 |
| | 3. പത്തനംതിട്ട | 25.07.2022 |
| | 4. കോട്ടയം | 26.07.2022 |
| | 5. ആലപ്പുഴ | 27.07.2022 |
| | 6. എറണാകുളം | 29.07.2022 |
| | 7. ഇടുക്കി | 30.07.2022 |
| | 8. തൃശ്ശൂർ | 01.08.2022 |
| | 9. പാലക്കാട് | 02.08.2022 |
| | 10. മലപ്പുറം ജില്ല | 03.08.2022 |
| | 11. കോഴിക്കോട് | 04.08.2022 |
| | 12. വയനാട് | 05.08.2022 |
| | 13. കണ്ണൂർ | 06.08.2022 |
| | 14. കാസർഗോഡ് | 09.08.2022 |
| 7 | സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പൊതുജനങ്ങൾ/ സംഘങ്ങൾക്കായി ഫയൽ അദാലത്ത് | 25.08.2022 |
| 8 | സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽഫയൽ തീർപ്പാക്കൽ | 20.06.2022 മുതൽ 30.08.2022 വരെ |